"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-നഗര ഗ്രാമാസൂത്രണ വകുപ്പ്- ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.അഞ്ജു ഡബ്ല്യു.സി - ടൗൺ പ്ലാനറുടെ പൂർണ അധിക ചുമതല - ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1559/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/08/2021

പരാമർശം:- 1. 15.06.2020 തീയതിയിലെ സ.ഉ.(സാ)1142/2020/ത.സ്വ.ഭ.വ.

2. മുഖ്യ നഗരാസൂത്രകന്റെ 11.1.2021 തീയതിയിലെ TCPCTP/2589/2019-A3 നമ്പർ കത്ത്.

ഉത്തരവ്

നഗര ഗ്രാമാസൂത്രണ വകുപ്പിൽ തിരുവനന്തപുരം മേഖല നഗരാസൂത്രണ കാര്യലയത്തിലെ ടൗൺ പ്ലാനറായിരുന്ന ശ്രീമതി.ജിനുമോൾ വർഗ്ഗീസ് വിശാല കൊച്ചി വികസന അതോറിറ്റിയിൽ നിയമിതയായതിനെ തുടർന്ന് 31.10.2019 ന് വിടുതൽ ചെയ്ത സാഹചര്യത്തിൽ ടി തസ്തികയുടെ പൂർണ അധിക ചുമതല ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി അഞ്ജു ഡബ്ല്യു സി. യ്ക്ക് നൽകുകയും 01.11.2019 മുതൽ 28.05.2020 വരെ തുടരുകയും ടി നടപടി സർക്കാർ സൂചന 1 പ്രകാരം സാധൂകരിയ്ക്കുകയും ചെയ്തിരുന്നു.

ടൗൺ പ്ലാനറുടെ പൂർണ അധിക ചുമതല വഹിച്ചിരുന്ന ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.അഞ്ജു.ഡബ്ല്യു.സി -യ്ക്ക് ചാർജ് അലവൻസ് അനുവദിക്കണമെന്ന് മുഖ്യ നഗരാസൂത്രകൻ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.അഞ്ജു ഡബ്ല്യു സി. അധിക ചുമതല വഹിച്ചിരുന്ന ടൗൺ പ്ലാനർ തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 01.11.2019 മുതൽ പരമാവധി 3 മാസ കാലയളവിലേക്ക് കെ എസ് ആർ , ഭാഗം I , ചട്ടം 53 A II(c) .53(c) എന്നിവ പ്രകാരം ചാർജ്ജ് അലവൻസ് അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീമതി.അഞ്ജു.ഡബ്ല്യു.സി .ഡെപ്യൂട്ടി ടൗൺ പ്ലാനർ(മുഖ്യ നഗരാസൂത്രകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/32/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ